# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2298** **14.06.2019-ലെ മറുപടിക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

**ശ്രീ.കെ.വി.വിജയദാസ്**

**ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എത്ര ജീവനക്കാരാണുള്ളതെന്ന് നോൺ ഗസറ്റഡ്, ഗസറ്റഡ് വിഭാഗങ്ങൾ തിരിച്ച് വിശദവിവരം നൽകുമോ; | 2019 ഏപ്രിലിലെ കണക്കനുസരിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ജീവനക്കാരിൽ, പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം പ്രാൺ ലഭ്യമായ **83,642** നോൺ ഗസറ്റഡ് ജീവനക്കാരും **5,770** ഗസറ്റഡ് ജീവനക്കാരുമാണുള്ളത്. |
| (ബി) | നാളിതുവരെ എത്ര കോടി രൂപ എൻ.പി.എസ്. ജീവനക്കാരിൽ നിന്നും ശേഖരിച്ചിട്ടുണ്ട്; സർക്കാർ ഇതിലേക്കായി എത്ര രൂപ മാച്ചിംഗ് ഗ്രാന്റായി നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 ഏപ്രിൽ 30 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതമായി 754.245 കോടി രൂപയും സർക്കാർ വിഹിതമായി 754.245 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഫണ്ട് മാനേജർമാരിലാണ് ഈ തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | 06.02.2014-ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**